(ബി) ഇത്തരം ചെറുകിട നാമമാത്ര കർഷകർ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ കാർഡ് ഉള്ള ആളും പ്രസ്തുത പ്രവൃത്തിയിൽ പണിയെടുക്കുന്ന ആളും അയിരിക്കണം.

(സി) ജലസേചനസൗകര്യം, ഭൂവികസനം, ഹോർട്ടികൾച്ചർ എന്നീ പ്രവർത്തികളാണ് ഏറ്റെടുക്കാവുന്നത്.

തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ തരിശുഭൂമി കൃഷിയോഗ്യമാക്കാൻ നടപടി

144 (4768) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ തരിശായികിടക്കുന്ന കൃഷിഭൂമി കൃഷിയോഗ്യമാക്കുന്നത് അനുവദനീയമാണോയെന്നറിയിക്കുമോ ;

(ബി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതിയിൻകീഴിൽ എത്ര ഏക്കർ ഭൂമി കൃഷിയോഗ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തരിശ്ശുഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവൃത്തി തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമാണ്.

(ബി) സംസ്ഥാനത്ത് 9205.24 ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കിയിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയുടെ മിനിമം കൂലി

145 (4769) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ മിനിമം കൂലി 200 രൂപയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റിന് മുമ്പാകെ ആവശ്യം ഉന്നയിച്ചിട്ടുണ്ടോ ; കേന്ദ്രഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ വകുപ്പ് 6 (1) പ്രകാരം മിനിമം വേതനം വിജ്ഞാപനം ചെയ്യുന്നത് കേന്ദ്ര സർക്കാരാണ്. ആയതിനാൽ കൂലി ഉയർത്തുന്നതിന് നടപടി സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

LIBRARY ARCHIVES Kerala Legislative Assembly